REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-08-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- വയനാട്ടിലെ ദുരന്തമേഖലയിൽ നിന്ന് ഒരു സ്ത്രീയും പെൺകുട്ടിയും ഉൾപ്പെടെ നാല് പേരെ സേനാംഗങ്ങൾ തെരച്ചിലിൽ കണ്ടെത്തി.
- സൈന്യം ഉൾപ്പെട്ട സംയുക്ത സംഘം ആറ് സോണുകളിൽ തെരച്ചിൽ തുടരുന്നു.
- ഇന്നും നാളെയും സംസ്ഥാനത്ത് ശക്തമായ മഴ സാധ്യയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.
- സംസ്ഥാന ഗവർണർമാരുടെ രണ്ട് ദിവസത്തെ സമ്മേളനം ഡൽഹിയിൽ ഇന്ന് ആരംഭിക്കും.
- നാളെ കർക്കിടക വാവ്. പ്രമുഖ ക്ഷേത്രങ്ങളിലും തീർത്ഥ ഘട്ടങ്ങളിലും പിതൃക്കൾക്ക് വിശ്വാസികൾ ബലിതർപ്പണം നടത്തും.
- ഇന്ത്യ-ശ്രീലങ്ക ആദ്യ ഏകദിനം ഉച്ചകഴിഞ്ഞ് കൊളംബൊയിൽ.

## വാർത്തകൾ വിശദമായി

**വയനാട്ടിലെ ദുരന്തമേഖലയിൽ നിന്ന് ഒരു സ്ത്രീയും പെൺകുട്ടിയും ഉൾപ്പെടെ നാല് പേരെ സേനാംഗങ്ങൾ തെരച്ചിലിൽ കണ്ടെത്തി. ഇവരെ ഹെലികോപ്റ്റർ ഉപയോഗിച്ച് രക്ഷപ്പെടുത്താൻ ശ്രമം ആരംഭിച്ചു.**

വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല മേഖലയിൽ സൈന്യം ഉൾപ്പെട്ട സംയുക്ത സംഘം ആറ് സോണുകളായി തിരിഞ്ഞ് തെരച്ചിൽ പ്രവർത്തനങ്ങൾ തുടരുകയാണ്.

പോലീസും NDRF, DSG, കോസ്റ്റ് ഗാർഡ്, നേവി, MEG എന്നിവയും 30 അംഗ സംഘത്തിലുണ്ട്. പത്ത് ടീമുകളായി തിരിഞ്ഞ ഓരോ ഗ്രൂപ്പിലും മൂന്നു നാട്ടുകാരും ഒരു വനംവകുപ്പ് ജീവനക്കാരനും ഉണ്ട്.

പുഞ്ചിരിമട്ടം ആണ് ആദ്യ സോൺ. മുണ്ടക്കൈ രണ്ടാമത്തേതും വെള്ളാർമല സ്കൂൾ ഏരിയ മൂന്നാമത്തേതുമാണ്. ചൂരൽമല ടൗൺ നാലാമത്തേതും വെള്ളാർമല വില്ലേജ് റോഡ് അഞ്ചാമത്തെ സോണും പുഴയുടെ അടിവാരം ആറാമത്തെ സോണുമാണ്.

ഉരുൾപൊട്ടലിൽ കാണാതായവർക്കായി ചാലിയാറിലും പരിശോധന ഊർജിതമാക്കി. ചാലിയാറിന്റെ 40 കിലോമീറ്റർ പരിധിയിൽ എട്ട് പോലീസ് സ്റ്റേഷനുകളുടെ പുഴ ഭാഗങ്ങളിൽ പൊലീസും നീന്തൽ വിദഗ്ധരായ നാട്ടുകാരും ചേന്നാണ് തിരച്ചിൽ നടത്തുന്നത്. കോസ്റ്റ്ഗാർഡും നേവിയും വനം വകുപ്പും ചേർന്ന് പുഴയുടെ അരികുകളും മൃതദേഹങ്ങൾ തങ്ങാൻ സാധ്യതയുള്ള ഇടങ്ങളും കേന്ദ്രീകരിച്ച് തെരച്ചിൽ നടത്തുന്നുണ്ട്.

മണ്ണിൽ പുതഞ്ഞ മൃതദേഹങ്ങൾ കണ്ടെത്താനായി ഡൽഹിയിൽ നിന്നും ഡ്രോൺ ബേസ്ഡ് റഡാർ നാളെ എത്തും. നിലവിൽ 6 നായകളാണ് തെരച്ചിലിൽ സഹായിക്കുന്നത്.

തമിഴ്നാട്ടിൽ നിന്നും നാലു കഡാവർ നായകളെ കൂടി വയനാട്ടിലെത്തിക്കും.

✪✪✪

വയനാട് ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടലിൽ മരിച്ചവരുടേതായി മലപ്പുറം ജില്ലയിലെ ചാലിയാർ പുഴയിൽ നിന്ന് ഇതുവരെ ലഭിച്ച 58 ശരീരങ്ങളും 97 ശരീര ഭാഗങ്ങളും വയനാട്ടിലേക്ക് കൊണ്ടു പോയി.

പോലീസ്, ഫയർഫോഴ്സ്, NDRF, നാട്ടുകാർ, നൂറുകണക്കിന് വളണ്ടിയർമാർ തുടങ്ങിയവർ ചേർന്ന് മൂന്ന് ദിവസമായി നടത്തിയ തിരച്ചിലിലാണ് ഇത്രയും മൃതദേഹങ്ങൾ ലഭിച്ചത്.

തിരിച്ചറിഞ്ഞ മൂന്ന് മൃതദേഹങ്ങൾ ബന്ധുക്കൾ ഏറ്റുവാങ്ങി. ബന്ധുക്കൾക്ക് തിരിച്ചറിയാൻ സൗകര്യം പരിഗണിച്ചാണ് എല്ലാ മൃതദേഹങ്ങളും വയനാട്ടിലെത്തിക്കാൻ ജില്ലാഭരണകൂടം തീരുമാനിച്ചത്.

വയനാട് ഉരുൾപൊട്ടലിൽ അകപ്പെട്ടവരെ കണ്ടെത്താനായി ചാലിയാർ പുഴയുടെ എടവണ്ണ കടവുകളിലും ഇന്നും തെരച്ചിൽ തുടരുകയാണ്.

✪✪✪

ഉരുൾപൊട്ടൽ മേഖലയായ വിലങ്ങാട്, മൂന്ന് ക്യാമ്പുകളിലെ ഭൂരിഭാഗം കുടുംബങ്ങൾ ബന്ധുവീടുകളിലേക്ക് മാറി. മൂന്ന് കുടുംബങ്ങളെ സ്കൂളിലേക്ക് മാറ്റി പാർപ്പിച്ചു. പ്രദേശത്ത് അതിരൂക്ഷമായ കെടുതികളാണ് റിപ്പോർട്ട്

ചെയ്തത്. ഒന്നിലധികം ഇടങ്ങളിൽ ഉരുൾപൊട്ടിയിരുന്നു. 16 ഓളം വീടുകൾ പൂർണ്ണമായും തകർന്നു. 50 ലേറെ വീടുകൾ വാസയോഗ്യമല്ല. ഏക്കർ കണകിന് കൃഷിയിടങ്ങൾ നശിച്ചു. നിരവധി കടകൾ തകർന്നു. റോഡുകളും പാലങ്ങളും തകർന്നു. കക്കയത്ത് വലിയ പാറക്കല്ല്, ഡാം സൈറ്റ് റോഡിലേക്ക് പതിച്ചു. ഗതാഗത തടസ്സം നീക്കാൻ നടപടികൾ തുടങ്ങി.

✪✪✪

കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത മഴയിലും ശക്തമായി വീശിയടിച്ച കാറ്റിലും കണ്ണൂർ ജില്ലയിൽ വലിയ നാശനഷ്ടമാണുണ്ടായത്. നിരവധി വീടുകൾ തകർന്നു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O. ശശിധരൻ

...........വോയ്സ്...............

✪✪✪

മലപ്പുറം ജില്ലയിൽ മഴക്കെടുതി മൂലം 66 ക്യാമ്പുകളിലായി 1,280 കുടുംബങ്ങളിലെ 3,475 പേരെ മാറ്റിപ്പാർപ്പിച്ചതായി ജില്ലാകലക്ടർ വി.ആർ വിനോദ് അറിയിച്ചു. മഴ കുറഞ്ഞ സാഹചര്യത്തിൽ കൂടുതൽ പേരെ വീടുകളിലേക്ക് മാറ്റാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും കളക്ടർ അറിയിച്ചു.

✪✪✪

ശക്തമായ മഴയെ തുടർന്ന് കോഴിക്കോട് താമരശ്ശേരി താലൂക്കിൽ 5 വീടുകൾ ഭാഗികമായും ഒരു വീട് പൂർണ്ണമായും തകർന്നു.

കൊടുവള്ളി വലിയപറമ്പ് കിഴക്കോത്ത് വില്ലേജിലെ പൊന്നുംതോറ മലയിൽ, മണ്ണിടിച്ചിൽ ഭീഷണി നിലനിൽക്കുന്നതിനാൽ മലയുടെ താഴ്ഭാഗത്ത് താമസിക്കുന്ന മുന്നൂറോളം കുടുംബങ്ങളെ ബന്ധുവീടുകളിലേക്കും മറ്റും മാറ്റിപ്പാർപ്പിച്ചു. കക്കാട് വില്ലേജ് കാരശ്ശേരി പഞ്ചായത്ത് പട്ടർ ചോല വലിയ കുന്ന് പ്രദേശത്ത് മണ്ണിടിച്ചിൽ ഭീഷണിയെ തുടർന്ന് 16 കുടുംബങ്ങളെ ബന്ധു വീട്ടിലേക്കും, നാല് കുടുംബങ്ങളെ ആനയാകുന്ന് ഗവ. എൽപി സ്കൂളിലേക്കും മാറ്റിപ്പാർപ്പിച്ചു.

✪✪✪

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കണ്ണൂർ ജില്ലയിൽ നിന്നും വയനാട്ടിലേക്ക് പോകുന്ന ജോലിക്കാർക്കും ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കുമായി ആരോഗ്യ വകുപ്പ് ബോധവൽക്കരണമാരംഭിച്ചു.

ജില്ലാ ഡെപ്യൂട്ടി DMO ഡോ K.C സച്ചിൻ ഉദ്ഘാടനം ചെയ്തു. മാനന്തവാടിയിലേക്ക് പോകുന്ന ബസുകൾ കേന്ദ്രീകരിച്ചാണ് ബോധവൽക്കരണം. പകർച്ച വ്യാധി സാധ്യത മുന്നിൽ കണ്ടാണ് പരിപാടികൾ നടക്കുന്നത്.

✪✪✪

പാലക്കാട് ജില്ലയിൽ മഴയുടെ ശക്തി കുറഞ്ഞെങ്കിലും ജാഗ്രത തുടരാനാണ് ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശം.

നെല്ലിയാമ്പതി ചുരം റോഡിലെ തടസ്സങ്ങൾ നീക്കുന്നത് അവസാന ഘട്ടത്തിലാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്

..........വോയ്സ്..........

✪✪✪

കാസർകോട് വെള്ളരിക്കുണ്ട് താലൂക്കിലെ കള്ളാർ വില്ലേജിൽ ചുള്ളിക്കര GLP സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പ് E.ചന്ദ്രശേഖരൻ MLA, ജില്ലാ കളക്ടർ K.ഇമ്പശേഖർ എന്നിവർ സന്ദർശിച്ചു സ്ഥിതി വിലയിരുത്തി.

കുട്ടിക്കാനം, ഓട്ടക്കണ്ടം, നീലിമല എന്നിവിടങ്ങളിലെ 26 പട്ടികവർഗ്ഗ കുടുംബങ്ങളിലെ 100 പേരാണ് ക്യാമ്പിലുള്ളത്.

✪✪✪

ഇന്നും നാളെയും സംസ്ഥാനത്ത് ശക്തമായ മഴ സാധ്യത നിലനിൽക്കുന്നതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കേരളാ തീരം മുതൽ തെക്കൻ ഗുജറാത്ത് തീരം വരെ ന്യൂനമർദ്ദപാത്തി രൂപപ്പെടുകയും പശ്ചിമബംഗാളിനും ജാർഖണ്ഡിനും മുകളിൽ ന്യൂനമർദ്ദം ഉണ്ടാവുകയും ചെയ്തതായി അറിയിപ്പിൽ പറയുന്നു.

വടക്കൻ കേരളത്തിൽ ഇന്നും ശക്തമായ മഴ തുടരാൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കനത്ത മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് വയനാട്,

കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അധ്യക്ഷതയിൽ സംസ്ഥാന ഗവർണർമാരുടെ രണ്ട് ദിവസത്തെ സമ്മേളനം ഇന്ന് ആരംഭിക്കും.

രാഷ്ട്രപതി ഭവനിൽ ചേരുന്ന യോഗത്തിൽ ഗവർണർമാർക്കു പുറമെ ഉപ രാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്രമന്ത്രിമാർ എന്നിവർ പങ്കെടുക്കും. നിതി ആയോഗ് വൈസ് ചെയർമാൻ, CEO, പ്രധാനമന്ത്രിയുടെ ഓഫീസിലെ മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരും സംബന്ധിക്കും.

പുതിയ മൂന്ന് ക്രിമിനൽ നിയമങ്ങൾ നടപ്പാക്കൽ, ഉന്നത വിദ്യാഭ്യാസമേഖലയുടെ പരിഷ്കരണം, സർവകലാശാലകളുടെ അക്രഡിറ്റേഷൻ, വിവിധ കേന്ദ്രഗവൺമെന്റ് പദ്ധതികളുടെ പ്രചാരണം തുടങ്ങിയവയാണ് സമ്മേളനത്തിന്റെ പ്രധാന അജണ്ടകൾ.

✪✪✪

നാളെ കർക്കിടക വാവ്. പ്രമുഖ ക്ഷേത്രങ്ങളിലും തീർത്ഥ ഘട്ടങ്ങളിലും പിതൃക്കൾക്ക് വിശ്വാസികൾ ബലിതർപ്പണം നടത്തും. കനത്തമഴയുടെയും നദികളിലെ ഉയർന്ന ജലനിരപ്പിന്റെയും സാഹചര്യത്തിൽ കർശന സുരക്ഷാ സംവിധാനത്തോടെയായിരിക്കും ബലിതർപ്പണ ചടങ്ങുകൾ. ആലുവാ മണപ്പുറം, തിരുനാവായ ക്ഷേത്രം, തിരുനെല്ലി

ക്ഷേത്രം, വരയ്ക്കൽ കടപ്പുറം, എന്നിവയടക്കം പ്രമുഖ കേന്ദ്രങ്ങളിലെല്ലാം ആയിരങ്ങൾ ബലിയിടാനെത്തും.

ഹൈന്ദവാചാരങ്ങളിൽ വംശപരമ്പരയിലെ പിതൃക്കൾക്ക് ശ്രാദ്ധ കർമ്മങ്ങൾ കർക്കടകത്തിലെ അമാവാസിയിലാണ് ചെയ്യുന്നത്. ബലിതർപ്പണം നാളെ വൈകീട്ട് ആരംഭിച്ച് മറ്റന്നാൾ രാവിലെ സമാപിക്കും.

✪✪✪

പാരീസ് ഒളിംപിക്സിൽ അത്-ലറ്റിക്സ്, അമ്പെയ്ത്ത് മത്സരങ്ങൾ ഇന്നും തുടരും. പുരുഷ ഹോക്കിയിൽ പൂൾബിയിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും.

ഇന്നലെ ഇന്ത്യ മൂന്നാം വെങ്കലമെഡൽ സ്വന്തമാക്കി. ഷൂട്ടിങ്ങിൽ പുരുഷന്മാരുടെ 50 മീറ്റർ റൈഫിൾസ് 3 പൊസിഷൻസ് വിഭാഗത്തിൽ സ്വപ്നിൽ കുസാലെയാണ് വെങ്കലമെഡൽ നേടിയത്. ഈ ഇനത്തിൽ ഒളിംപിക്സ്മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ ഷൂട്ടറാണ് സ്വപ്നിൽ കുസാലെ.

ബാഡ്മിന്റൺ പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ ലക്ഷ്യസെൻ, ചൈനീസ് താരം ചൗ-ടിയെൻ- ചെൻ നെ ഇന്ന് നേരിടും.

അമ്പെയ്ത്ത് സംയുക്തവിഭാഗം മത്സരത്തിൽ ധിരാജ് ബൊമ്മദേവ്റ - അങ്കിത ഭഗത് സഖ്യം ഇന്തോനേഷ്യൻ താരങ്ങളുമായി മത്സരിക്കും.

അത്-ലറ്റിക്സിൽ വനിതകളുടെ 5000 മീറ്റർ ഹീറ്റ്സിൽ അങ്കിത ധ്യാനി, പരുൾ ചൗധരി എന്നിവർ മത്സരിക്കും.

✪✪✪

ഇന്ത്യ-ശ്രീലങ്ക ഏകദിന അന്താരാഷ്ട്ര ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന്. കൊളംബോയിലെ പ്രേമദാസ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് രണ്ടരയ്ക്ക് മത്സരം തുടങ്ങും.

ശ്രീലങ്കയ്ക്കെതിരായ ട്വന്റി-20 പരമ്പര തൂത്തുവാരിയ ആവേശത്തിലാണ് ഇന്ത്യ, ഏകദിന മത്സരത്തിനിറങ്ങുന്നത്.

✪✪✪

വേൾഡ് മലയാളി കൗൺസിൽ ആഗോള സമ്മേളനം വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. രണ്ട് വർഷത്തിലൊരിക്കൽ ആണ് കൗൺസിൽ യോഗം ചേരുന്നത്.

✪✪✪

കരിപ്പൂർ വിമാനത്താവളത്തിൽ നിന്ന് കോലാലംപൂർ സർവ്വീസിന് തുടക്കമായി. എയർ ഏഷ്യ വിമാനമാണ് ഇന്നലെ മുതൽ സർവീസ് ആരംഭിച്ചത്. ഇന്നലെ രാത്രി 11.28 ന് വിമാനം കരിപ്പൂരിലിറങ്ങി. പുലർച്ചെ 12.10 നു കോലാലംപൂരിലേക്കു മടക്ക സർവീസ് ആരംഭിച്ചു. ആഴ്ചയിൽ 3 ദിവസമാണു സർവീസ്. ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിൽ കോലാലംപുരിൽനിന്ന് കോഴിക്കോട്ടേക്കും ബുധൻ, വെള്ളി, ഞായർ ദിവസങ്ങളിൽ കോഴിക്കോട്ടുനിന്നു കോലാംലപുരിലേക്കുമാണ് സർവീസ്.

✪✪✪

ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് അഞ്ചാം ഘട്ടത്തിന്റെയും ചർമമുഴ രോഗപ്രതിരോധ കുത്തിവയ്പ്പ് രണ്ടാം ഘട്ടത്തിന്റെയും സംയുക്ത വാക്സിനേഷൻ യജ്ഞം പ്രതികൂല കാലാവസ്ഥ മൂലം ഇന്നലെ തുടങ്ങാനായില്ല. തിങ്കളാഴ്ച സംയുക്ത വാക്സിനേഷൻ ആരംഭിക്കുമെന്ന് അധികൃതർ അറിയിച്ചു. 30 പ്രവൃത്തി ദിവസങ്ങളിൽ മൃഗസംരക്ഷണ വകുപ്പിലെ ടീമുകൾ കർഷകരുടെ വീടുകളിൽ എത്തി വാക്സിനേഷൻ നടത്തും.

✪✪✪